"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായുള്ള പുതിയ വ്യയ നിയന്ത്രണ നിർദ്ദേശങ്ങൾ - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (രഹസ്യ വിഭാഗം) വകുപ്പ്**

**സ. ഉ. (അച്ചടി) നം. 28/2025/ധന.** **തീയതി, തിരുവനന്തപുരം, 20.03.2025**

---

## ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ചുവടെച്ചേർക്കുന്ന വ്യയനിയന്ത്രണ നിർദ്ദേശങ്ങൾ ഉടൻ പ്രാബല്യത്തിൽ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സർക്കാർ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ/ ബോർഡുകൾ/ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ/ ഭരണഘടനാ സ്ഥാപനങ്ങൾ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഔദ്യോഗിക ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള വാഹനങ്ങളുടെ ഉപയോഗം പരമാവധി നിയന്ത്രിക്കേണ്ടതാണ്. ഓരോ ഓഫീസ്/സ്ഥാപനങ്ങൾക്കും അനുവദിച്ചിട്ടുള്ള ആവശ്യങ്ങൾക്കു മാത്രമായും ബന്ധപ്പെട്ട ഓഫീസുകളുടെ നിയന്ത്രണാധികാര പരിധിയ്ക്കുള്ളിലും മാത്രമേ വാഹനം ഉപയോഗിക്കുന്നുവെന്ന കാര്യം വാഹനത്തിന്റെ നിയന്ത്രണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്. മേൽ നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്ന പക്ഷം വാഹനത്തിന്റെ നിയന്ത്രണ ഉദ്യോഗസ്ഥനെതിരെ കർശനമായ അച്ചടക്ക നടപടികൾ കൈക്കൊള്ളുന്നതാണ്.
2. ഒരു കാരണവശാലും ചിലവുകൾ ബജറ്റ് വിഹിതം അധികരിക്കുവാൻ പാടുള്ളതല്ല. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ അധിക തുക അനുവദിക്കുന്നത് ധനപുനർവിനിയോഗം (റീ അപ്രോപ്രിയേഷൻ) വഴി മാത്രമായിരിക്കണം.

3. തനത് ഫണ്ട് ഉള്ള ഗ്രാന്റ് ഇൻ എയിഡ് സ്ഥാപനങ്ങൾക്ക് തുടർന്ന് നോൺ പ്ലാൻ ഗ്രാന്റ് വിഹിതം അനുവദിക്കുന്നത് ടി സ്ഥാപനങ്ങളുടെ തനത് ഫണ്ടിന്റെ സ്ഥിതി വിലയിരുത്തിയ ശേഷം Resource gap നികത്തുന്നതിന് വേണ്ടി മാത്രമായിരിക്കണം. കൂടാതെ, സ്വന്തമായി റവന്യൂ വരുമാനമുള്ള ഗ്രാന്റ്- ഇൻ- എയിഡ് സ്ഥാപനങ്ങൾ Resource gap നികത്തുന്നതിന് സർക്കാർ ഗ്രാന്റുകൾ മാത്രം ആശ്രയിക്കാതെ സ്വന്തം നിലയ്ക്ക് വായ്പ അടക്കമുള്ള മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

4. വിവിധ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പല കാരണങ്ങളാൽ വാഹനങ്ങൾ ഇല്ലാത്തതു മൂലം ജോലിയില്ലാതെ തുടരുന്ന ഡ്രൈവർമാരെ അതാത് വകുപ്പുകൾക്ക് കീഴിലെ ഓഫീസുകളിൽ കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഡ്രൈവർമാർക്ക് പകരമായി പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്. ഒരു മാസത്തിനുള്ളിൽ ഇത്തരത്തിലുള്ള പുനർവിന്യാസം പൂർത്തീകരിക്കേണ്ടതാണ്.

5. വിവിധ വകുപ്പുകൾക്ക് കീഴിൽ വർഷങ്ങളായി തുടർന്നു കൊണ്ടിരിക്കുന്നതും എന്നാൽ നിലവിലെ സാഹചര്യത്തിൽ ആവശ്യമില്ലാത്തതുമായ പദ്ധതി/പ്രൊജക്റ്റുകൾ കണ്ടെത്തി ഇത്തരം പദ്ധതി/പ്രൊജക്റ്റുകൾ അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ വകുപ്പ് തലത്തിൽ സ്വീകരിക്കേണ്ടതാണ്. ഈ നടപടികൾ ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കേണ്ടതാണ്.

6. വിവിധ സർക്കാർ വകുപ്പുകൾ/ സർക്കാർ ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കായി സെമിനാറുകൾ, മേളകൾ, ശില്പശാലകൾ, പരിശീലന പരിപാടികൾ എന്നിവയുടെ ചിലവുകൾ ടി പരിപാടികൾക്കായി അതാത് സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതത്തിന്റെ 50% - ൽ അധികരിക്കുവാൻ പാടുള്ളതല്ല.

7. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള ഓഫീസുകളിൽ ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലെ ജീവനക്കാരുടെ സേവന ആവശ്യകത നന്നേ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അനിവാര്യമാകുന്ന ഘട്ടത്തിൽ മാത്രമേ ഇത്തരം ഓഫീസുകളിൽ പ്രസ്തുത തസ്തികകളിൽ വരുന്ന ഒഴിവുകൾ നികത്തുവാൻ പാടുള്ളൂ. അപ്രകാരം ഒഴിവുകൾ നികത്തുന്നത് കരാർ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം.

8. സാങ്കേതിക വിദ്യയുടെ അത്ഭുതപൂർവമായ വളർച്ചയുടെ വെളിച്ചത്തിൽ, സർക്കാർ സേവനങ്ങൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ് അടക്കമുള്ള പൊതുമേഖല സ്ഥാപനങ്ങളുടെ സേവനങ്ങൾ എന്നിവയുടെ ഭാഗമായുള്ള പേയ്മെന്റുകൾ ഓൺലൈൻ സംവിധാനം വഴി അടവാക്കുവാനുള്ള സാഹചര്യം നിലനിൽക്കുന്നതിനാൽ ഇതേ ആവശ്യത്തിനായുള്ള സർക്കാരിന്റെ പരമ്പരാഗതമായ പ്രത്യേക കൗണ്ടർ സംവിധാനങ്ങൾ നിലവിൽ തുടരുന്നത് സാമ്പത്തികമായി ഉചിതമായി കാണുന്നില്ല. അതുകൊണ്ട് തന്നെ ഇത്തരം സംവിധാനങ്ങൾ അവസാനിപ്പിക്കുന്നതിനും ടി സ്ഥാപനങ്ങളിലെ ജീവനക്കാരെ അതാത് മാതൃവകുപ്പുകളിലേയ്ക്ക് തിരികെ പ്രവേശിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9. നിലവിലുള്ള മറ്റ് വ്യയ നിയന്ത്രണ ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് എല്ലാ വകുപ്പ് സെക്രട്ടറിമാരും വകുപ്പ് മേധാവികളും ഉറപ്പുവരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. എ. ജയതിലക്**

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

പകർപ്പ് :-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ. & ഇ.) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് / ഓഫീസ് തലവൻമാർക്കും.
നിയമം ഉൾപ്പെടെ സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം.
രജിസ്ട്രാർ, കേരള സർവ്വകലാശാല / കൊച്ചി / കോഴിക്കോട് / മഹാത്മ ഗാന്ധി / കണ്ണൂർ/ കേരള കാർഷിക സർവ്വകലാശാല / ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല/ മലയാളം സർവ്വകലാശാല/ ആരോഗ്യ സർവ്വകലാശാല/ സാങ്കേതിക സർവ്വകലാശാല/ ഫിഷറീസ് സർവ്വകലാശാല/ കേരള വെറ്ററിനറി & ആനിമൽ സയൻസസ് സർവ്വകലാശാല/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്/ സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
എല്ലാ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും, ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും.

ഗവർണറുടെ സെക്രട്ടറി, മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി, മറ്റ് മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ, ചീഫ് വിപ്പിന്റെ പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി, സ്പീക്കറുടെ / ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി.
എല്ലാ കമ്മീഷനുകളുടെ സെക്രട്ടറിമാർക്കും.
എല്ലാ സർക്കാർ കമ്പനികളുടെയും / ബോർഡുകൾ/ കോർപ്പറേഷനുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർ/ജനറൽ മാനേജർക്കും.
നോഡൽ ഓഫീസർ, www.finance.kerala.gov.in
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ (E- 2865503-SS-3/137/2024-FIN)

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ